നാഫി മുഹമ്മദ്

# പൊതുവിദ്യാലയങ്ങൾ ഇപ്പോൾ നാടിന്റെ അഭിമാനം



സമഗ്ര പോർട്ടലിന്റെയും മൊബൈൽ ആപ്പിന്റെയും ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു



തിരിച്ചുവരവ് ഏറെക്കുറെ അചിന്തനീയമായ പശ്ചാത്തലത്തിൽ നിന്ന് അത്ഭുതകരമെന്നോ അവിശ്വസനീയമെന്നോ പറയാവുന്ന നേട്ടങ്ങളിലേക്കാണ് കഴിഞ്ഞ രണ്ടുവർഷം കൊണ്ട് പൊതുവിദ്യാലയങ്ങൾ കുതിച്ചുയർന്നത്.

പൊതുവിദ്യാലയങ്ങളായിരുന്നു യഥാർഥത്തിൽ കേരളത്തിന്റെ ജീവനാഡികൾ. ജാതി-മത-സാമ്പത്തിക അതിർവരമ്പുകളറിയാത്ത സ്കൂൾ അങ്കണങ്ങളാണ് പാരസ്പര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും ആദ്യപാഠശാലകൾ. കേവലം പാഠപുസ്തകങ്ങൾക്കപ്പുറം ജീവിതം തന്നെ നാനാവിധങ്ങളിൽ തുളുമ്പി നിന്ന സർക്കാർ സ്കൂളുകൾ ഇഴയടുപ്പമുള്ള മനസ്സുകളും സമൂഹവും സൃഷ്ടിച്ചു. ഉള്ളവനും ഇല്ലാത്തവനും ഒരേ ബെഞ്ചിൽ, ഒരേ പന്തിയിൽ ഒരേ അധ്യാപകന്റെ വാക്കുകൾക്ക് കാതും ചൂരലിന് കൈയ്യും നീട്ടിയ ഒരു കാലം. വിശാലമായ സ്കൂൾ മൈതാനങ്ങളിൽ വിയർത്തൊലിച്ച് വളർന്ന ബാല്യങ്ങൾക്ക് കണ്ടും അറിഞ്ഞും പഠിക്കാൻ കൺമുന്നിൽ പ്രകൃതി തന്നെ താളുകൾ തുറന്നിരുന്നു.

സ്വകാര്യവത്ക്കരണത്തിന്റെ ഫലമായി സ്വകാര്യവിദ്യാലയങ്ങൾക്ക് അമിത പ്രോത്സാഹനം ലഭിച്ചപ്പോൾ കഥ മാറി. നാടെമ്പാടും പൊട്ടിമുളച്ച സ്വകാര്യസ്കൂളുകൾ മുന്നിലേക്ക് കുതിച്ചപ്പോൾ പൊതുവിദ്യാലയങ്ങൾ കിതച്ചു നിന്നു. വിദ്യാഭ്യാസം എന്നാൽ സ്വകാര്യസ്കൂളെന്ന മിഥ്യാധാരണയാണ് ആദ്യം വേരുപിടിച്ചത്. പിന്നാലെ ഭൗതികസാഹചര്യങ്ങളും പിന്നാക്കം പോയി. നിറംമങ്ങി പൊട്ടിപ്പൊളിഞ്ഞ മന്ദിരങ്ങൾ ലാഭ-നഷ്ടക്കണക്കുകൾ നോക്കി ദയാവധം കാത്തുനിന്നു. സ്വകാര്യമേഖല കുതിച്ചതോടെ കുപ്രചാരണങ്ങൾക്ക് പൊടിപ്പും തൊങ്ങലുമേറി. അധ്യാപകരെ കുറിച്ചും അധ്യയനനിലവാരത്തെകുറിച്ചും പരാതികൾ ഏറി. ചോർന്നൊലിക്കുന്ന മുറികളിൽ വിരലിലെണ്ണാവുന്ന കുട്ടികളിലൊതുങ്ങി പല സർക്കാർ സ്കൂളുകളും. വിജനമായ കളിക്കളങ്ങൾ കാടുകയറി. കുട്ടികളുടെ ആരവമൊഴിഞ്ഞ് വിദ്യാലയമുത്തശ്ശിമാർ




**പുലരുന്ന വാഗ്ദാനം:** **പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെ ആസ്പദമാക്കി പൊതുവിദ്യാലയങ്ങൾ നാടിന്റെ അലങ്കാരവും അടയാളവുമാവുന്ന കാലം വിദൂരമല്ല എന്ന തലക്കെട്ടിൽ 2017 ഫെബ്രുവരിയിൽ പുറത്തിറങ്ങിയ ജനപഥത്തിന്റെ കവർ**

ശ്മശാന മൂകതയിലമർന്നു. ഉയർന്ന ഫീസുമൂലം പാവപ്പെട്ടവൻ പടിക്കു പുറത്തായ സ്വകാര്യമേഖലയാവട്ടെ സ്വാഭാവികമായും ജനകീയ-ജനാധിപത്യ-മതനിരപേക്ഷ വിദ്യാഭ്യാസം എന്ന മൂല്യസങ്കൽപത്തിൽ നിന്ന് ദൂരവ്യാപകമായ സാമൂഹിക പ്രത്യാഘാതങ്ങളുടെ അപായമണി മുഴക്കി കച്ചവടപ്രവണതയുടെ പാതയിലേക്ക് മാറി.

പൊതുവിദ്യാലയങ്ങൾക്ക് ഒരു തിരിച്ചുവരവ് ഏറെക്കുറെ അചിന്തനീയമായ ഈ പശ്ചാത്തലത്തിൽ നിന്ന് കഴിഞ്ഞ രണ്ടു വർഷത്തെ മാറ്റങ്ങൾ വിലയിരുത്തിയാൽ അത്ഭുതകരമെന്നോ അവിശ്വസനീയമെന്നോ പറയേണ്ടി വരും.

കഴിഞ്ഞ അധ്യയന വർഷം 1,45,000 കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ അധികമായെത്തി. ഇക്കുറി അവസാന കണക്കുകൾ പുറത്തുവന്നിട്ടില്ലെങ്കിലും അതിനേക്കാളേറെ കുട്ടികൾ എത്തിയിട്ടുണ്ടെന്ന് ഉറപ്പാണ്. സർക്കാർ സ്കൂളുകളിൽ നിന്ന് ടി.സി വാങ്ങാൻ രക്ഷാകർത്താക്കൾ വരിനിന്നിരുന്ന കാലം കടന്നുപോയി. പകരം സ്വകാര്യസ്കൂളുകളിൽ നിന്ന് കൂട്ടത്തോടെ കുട്ടികൾ സർക്കാർ സ്കൂൾ തേടി എത്തിക്കൊണ്ടിരിക്കുന്നു. പല സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണം കൂടിയതിനാൽ പ്രവേശനം നിർത്തിവയ്ക്കേണ്ട അവസ്ഥയുണ്ടായി എന്നത് അതിശയോക്തിയല്ല.

ഇത് യാദൃശ്ചികമായി സംഭവിച്ചതോ കെട്ടിച്ചമച്ച കണക്കിലെ കളികളോ അല്ല. പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്താൻ സംസ്ഥാന സർക്കാർ കഴിഞ്ഞ രണ്ടു വർഷം കൃത്യമായി ആസൂത്രണത്തോടെ ചെയ്ത നടപടികളുടെ ഗുണഫലമാണിത്.



രണ്ടു വർഷത്തെ തുടർച്ചയായ പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ കാഴ്ചപ്പാടിലുണ്ടായ മാറ്റമാണ് ഈ വിജയത്തിന്റെ കാരണം. വിദ്യാഭ്യാസം ജനകീയമാകണമെന്ന ബോധം ജനങ്ങളുടെ മനസ്സിൽ വളർത്താനാണ് വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സർക്കാർ ശ്രമിച്ചത്.

— പ്രൊഫ. സി. രവീന്ദ്രനാഥ്,
വിദ്യാഭ്യാസ മന്ത്രി

## കാഴ്ചപ്പാടുകൾ മാറി അസാധ്യദൂരങ്ങൾ അരികിലെത്തി

രണ്ടു വർഷത്തെ തുടർച്ചയായ പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ കാഴ്ചപ്പാടിലുണ്ടായ മാറ്റമാണ് ഈ വിജയത്തിന്റെ കാരണമെന്ന് വിദ്യാഭ്യാസ മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് ജനപഥത്തോട് പറഞ്ഞു.
വിദ്യാഭ്യാസം ജനകീയമാകണമെന്ന ബോധം ജനങ്ങളുടെ മനസ്സിൽ വളർത്താനാണ് വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സർക്കാർ ശ്രമിച്ചത്. എന്തിനാണ് ഇത്തരമൊരു യജ്ഞം എന്നു ചോദിച്ചവരുണ്ട്. കെട്ടിടമുണ്ടാക്കുക, കമ്പ്യൂട്ടർ സ്ഥാപിക്കുക ഇവയൊക്കെ പോരേ? എന്നാൽ അതു പോര എന്ന് സർക്കാർ തിരിച്ചറിഞ്ഞിരുന്നു. സമൂഹത്തിന്റെ മനസ്സിലാണ് ഇടപെടേണ്ടിയിരുന്നത്. വിദ്യാഭ്യാസം പൊതുരംഗത്താണോ സ്വകാര്യരംഗത്താണോ വേണ്ടതെന്ന ആശയക്കുഴപ്പം സമൂഹത്തിലുണ്ടായിരുന്നു. സ്വകാര്യവത്കരണത്തിന്റെ ഫലമായിരുന്നു അത്. സ്വകാര്യവത്കരണം വിദ്യാഭ്യാസ രംഗത്തും സമൂഹമനസ്സിലും ഹാങ്ഓവറായി നിൽക്കുന്നു.
ആ കാഴ്ചപ്പാടിന്റെ ഫലമാണ് പൊതുവിദ്യാഭ്യാസത്തിന്റെ തകർച്ചയിലേക്ക് നയിച്ചത്.
പണമില്ലാത്തതോ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തതയോ അല്ലായിരുന്നു യഥാർഥ കാരണം. ഈ കാഴ്ചപ്പാട് വേരുപിടിച്ചതോടെ ഭൗതികസാഹചര്യങ്ങളും തകർന്നു. ഈ സാഹചര്യത്തിലാണ് ജനങ്ങളെ പങ്കാളികളാക്കിക്കൊണ്ട് പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്താനും വിദ്യാഭ്യാസം ജനകീയമാക്കാനും ഒരു യജ്ഞത്തിന് സർക്കാർ തയാറായത്. പൂർവവിദ്യാർഥികൾ, നാട്ടുകാർ, തുടങ്ങി എല്ലാവരെയും സംഘടിപ്പിച്ചുകൊണ്ട് ഈ ആശയക്കുഴപ്പത്തിൽ നിന്നും ഹാങ്ഓവറിൽ നിന്നും ജനമനസാക്ഷിയെ മോചിപ്പിക്കാനാണ് ശ്രമിച്ചത്. ഹൈടെക് ക്ലാസ് മുറികളും കെട്ടിടങ്ങളുടെ നിർമാണവും പണമുണ്ടെങ്കിൽ ആർക്കും ചെയ്യാവുന്നതേയുള്ളു.
എന്നാൽ ഈ കാഴ്ചപ്പാട് പൊളിച്ചെഴുതുകയായിരുന്നു യഥാർഥ വെല്ലുവിളി. കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനത്തിൽ ജനങ്ങൾ ഒന്നിച്ചതോടെ തങ്ങളുടെ കുട്ടികൾ പഠിക്കേണ്ടത് പൊതുവിദ്യാലയത്തിലാണെന്ന് അവർക്കു തന്നെ ബോധ്യമായി. അതിന്റെ പ്രതിഫലനമാണ് ഇക്കാണുന്ന മാറ്റം.
പൊതുവിദ്യാഭ്യാസം ശക്തിപ്പെടണം. എന്റെമകനും മകളും പൊതുവിദ്യാലയത്തിൽ പഠിക്കണം. അത്തരമൊരു തോന്നൽ ഉണ്ടാക്കാൻ സാധിച്ചുവെന്നതാണ് യജ്ഞത്തിന്റെ വിജയം.



### അക്കാദമിക് മാസ്റ്റർപ്ലാൻ

അതോടൊപ്പം സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളുടെ ആകർഷണീയത വർധിപ്പിക്കാൻ ഫലപ്രദമായ നടപടികൾ കൈക്കൊണ്ടു. സർക്കാർ സ്കൂളുകളിലെ പഠനബോധന രീതികൾ ഏറ്റവും ശാസ്ത്രീയവും ആധുനികമാണെന്ന് സമൂഹത്തിന് ബോധ്യം വരുന്ന തരത്തിൽ പൊളിച്ചെഴുത്ത് നടത്തി. കഴിഞ്ഞ വർഷം അക്കാദമിക് മാസ്റ്റർ പ്ലാൻ ജനകീയമായി തന്നെ ഉണ്ടാക്കി. ഇന്ത്യൻ ചരിത്രത്തിൽ ആദ്യമാണിത്. കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ കാര്യക്ഷമമായ ഉപകരണം പൊതുവിദ്യാലയത്തിലുണ്ടെന്ന് ജനങ്ങൾക്ക് ബോധ്യമായി. കഴിഞ്ഞ ഫെബ്രുവരിയിൽ തന്നെ അക്കാദമിക് മാസ്റ്റർ പ്ലാൻ ജനകീയമായി സമർപ്പിച്ചു. നിയമസഭയിൽ ഇതുസംബന്ധിച്ച ഒറ്റ ചോദ്യം 20 മിനിറ്റ് ചർച്ച ചെയ്തുവെന്നതു തന്നെ സർക്കാർ ഇതിന് എത്രത്തോളം പ്രധാന്യം നൽകിയെന്നതിന്റെ തെളിവാണ്. ഈ അക്കാദമിക് ഇടപെടലാണ് മാറ്റത്തിന്റെ ഏറ്റവും പ്രധാന ഘടകമായത്.

ഇതിന്റെ തുടർച്ചയാണ് ഭൗതിക സാഹചര്യത്തിലുണ്ടായ മാറ്റം. ആധുനിക വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ ഹൈടെക് വിദ്യാഭ്യാസത്തിലൂടെ ക്ലാസ്സുകളിലേക്ക് വന്നു.

### അധ്യാപകലോകം സജ്ജമാണ്

അധ്യാപകരുടെ കഴിവിലും മനോഭാവത്തിലുമുണ്ടായ മാറ്റമാണ് മറ്റൊന്ന്. ശിശുകേന്ദ്രീകൃതമായ വിദ്യാഭ്യാസത്തിനനുസരിച്ച് അധ്യാപക സമൂഹം മുന്നോട്ടു വന്നു. ആധുനിക വിദ്യാഭ്യാസ സങ്കൽപത്തിനനുസരിച്ച് അവരുടെ മനസ്സിനെയും പ്രവർത്തനത്തെയും ഉയർത്താൻ സാധിച്ചു.





അധ്യാപകലോകം സജ്ജമാണ്. ഇതുവരെ യുണ്ടായിരുന്ന ഏറ്റവും പ്രധാന പരാതിയായിരുന്നു അധ്യാപകരെ സംബന്ധിച്ചുള്ളത്. അത് മറികടന്നു.
അധ്യാപകരുടെ ഇടയിൽ മാറ്റങ്ങൾക്ക് വൻ സ്വീകാര്യതയുണ്ടായി. അവർക്കു നൽകിയ പരിശീലനങ്ങൾ ഏറെ പ്രയോജനകരമായി. ഹൈടെക് ബോധനരീതികളെ കുറിച്ചുണ്ടായിരുന്ന ആശങ്കകൾ നീങ്ങി. കാര്യങ്ങൾ ലളിതമാണെന്ന് അവർക്ക് മനസ്സിലായി.

## പരീക്ഷയെ പേടിക്കാത്ത കുട്ടികൾ

പരീക്ഷകളെല്ലാം കേരള ചരിത്രത്തിൽ ആദ്യമായി ഇപ്പോൾ സർക്കാർ നേരിട്ട് നടത്തി. പരീക്ഷയുടെ രീതിശാസ്ത്രത്തിൽ വലിയ മാറ്റം വരുത്തി. പരീക്ഷ പണ്ട് പേടിയായിരുന്നു. കൗൺസിലിങ് വേണം. അത് ഒഴിവാക്കി. പരീക്ഷ പേടിപ്പിക്കാനുള്ളതല്ല, കുട്ടിയെ അറിയാനും മനസ്സിലാക്കാനുമുള്ളതാണ്. തുടർ മൂല്യനിർണയത്തിന് പ്രാധാന്യം നൽകുകയും അന്തിമമൂല്യനിർണയം കുട്ടിയെ ഭയപ്പെടുത്താത്ത നിലയിലാക്കുകയും ചെയ്തു. ചോയ്സ് നൽകിക്കൊണ്ട് കുട്ടി പഠിച്ചതിനനുസരിച്ച് ചോദിക്കുന്ന തരത്തിൽ ചോദ്യപേപ്പറുകൾ മാറ്റി. ചോദ്യപേപ്പറിനനുസരിച്ച് കാണാതെ പഠിക്കുകയല്ല ഇപ്പോഴത്തെ രീതി. പരീക്ഷാകേന്ദ്രീകൃതമെന്നതു മാറി വിജ്ഞാനകേന്ദ്രീകൃതമായി. പരീക്ഷാരീതി മാറി. കുട്ടിയുടെ മനസ്സ് കണ്ടറിഞ്ഞുള്ള ചോദ്യപേപ്പറുകൾ ഉണ്ടായി.

## ഈ വർഷം മികവിന്റെ വർഷം

അക്കാദമിക് മികവാണ് വിദ്യാലയ മികവ്. അതിനാൽ ഈ വർഷം മികവിന്റെ വർഷമായി കണക്കാക്കുകയാണ്. ഇതെല്ലാം ചെയ്തിരിക്കുന്നത് കുട്ടിയുടെ അക്കാദമിക് മികവ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനാണ്.
മികവ് എന്താണെന്നതിനെ കുറിച്ചും തെറ്റിധാരണയുണ്ട്. ഓരോ വിഷയം പഠിക്കുന്നതിലുമുള്ള മികവ് മാത്രമല്ല, മികവ് എന്നു പറയുന്നത്. കുട്ടിയുടെ സമഗ്രമായ വളർച്ചയാണ് അത്. പഠനരംഗത്തെ മികവ് ഉയരുന്നതോടൊപ്പം തന്നെ സർഗാത്മകവും കായികവും സാംസ്കാരികവും എല്ലാമായ സമഗ്രമായ മികവാണ് ഉദ്ദേശിക്കുന്നത്.
പരീക്ഷകളുടെ ടൈംടേബിൾ അടക്കം ഉൾപ്പെടുത്തിക്കൊണ്ട് അക്കാദമിക്-അക്കാദമിക് ഇതര ടൈംടേബിൾ പ്രസിദ്ധീകരിച്ചതും കാര്യങ്ങൾ എളുപ്പമാക്കി.
പാഠപുസ്തക വിതരണം, യൂണിഫോം, ഇൻഷുറൻസ് പദ്ധതി തുടങ്ങിയ മറ്റെല്ലാ കാര്യങ്ങളും ജനങ്ങളുടെ കാഴ്ചപ്പാടിലെ മാറ്റത്തിന് പിന്നിൽ മാത്രമേ താൻ എണ്ണുന്നുള്ളുവെന്നും വിദ്യാഭ്യാസ മന്ത്രി ചൂണ്ടിക്കാട്ടുന്നു.

## വിജയശതമാനം ഉയർത്തുകയല്ല, ഉയരുകയാണ്

എസ്.എസ്.എൽ.സി പരീക്ഷയിൽ കേരളത്തിലെ വിജയശതമാനം ബോധപൂർവം ഉയർത്തുകയാണെന്ന ആക്ഷേപത്തിന് മറുപടിയാണ് വിജയികളുടെ പ്രകടനമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എ.ഷാജഹാൻ ഐ എ എസ്, പറഞ്ഞു. കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ച 75 ശതമാനം വിദ്യാർഥികൾക്കും ഒരു വിഷയത്തിലെങ്കിലും എ പ്ലസ് ലഭിച്ചിരുന്നു. ഒരു വിഷയത്തിൽ 90 ശതമാനത്തിന് മേൽ മാർക്ക് നേടുക എന്നത് ചെറിയകാര്യമല്ല.
എസ്.എസ്.എൽ.സിക്ക് ഇപ്പോൾ കേരളം ആർജിച്ചിരിക്കുന്ന 98 ശതമാനം വിജയത്തെക്കുറിച്ചുള്ള ആക്ഷേപങ്ങൾക്കും സംശയങ്ങൾക്കും മറുപടി കൂടിയാണ് നമ്മുടെ വിദ്യാർഥികളുടെ ഈ പ്രകടനം. 35,000ത്തോളം കുട്ടികൾക്ക് ഫുൾ എ പ്ലസ് ലഭിച്ചു. മുൻവർഷത്തേതിനേക്കാൾ 12,000ത്തോളം അധികമാണിത്. ആകെ



> കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ച 75 ശതമാനം വിദ്യാർഥികൾക്കും ഒരു വിഷയത്തിലെങ്കിലും എ പ്ലസ് ലഭിച്ചിരുന്നു. ഒരു വിഷയത്തിൽ 90 ശതമാനത്തിന് മേൽ മാർക്ക് നേടുക എന്നത് ചെറിയകാര്യമല്ല. എസ്.എസ്.എൽ.സിക്ക് ഇപ്പോൾ കേരളം ആർജിച്ചിരിക്കുന്ന 98 ശതമാനം വിജയത്തെക്കുറിച്ചുള്ള ആക്ഷേപങ്ങൾക്കും സംശയങ്ങൾക്കും മറുപടി കൂടിയാണ് നമ്മുടെ വിദ്യാർഥികളുടെ ഈ പ്രകടനം.
>
> -എ.ഷാജഹാൻ ഐ എ എസ്,
> പൊതുവിദ്യാഭ്യാസ സെക്രട്ടറി

പരീക്ഷ എഴുതിയവരിൽ എട്ടു ശതമാനത്തോളം വരും ഇത്. ഇതും വിജയശതമാനം ബോധപൂർവം ഉയർത്തുന്നതല്ല എന്നതിന് തെളിവാണ്.

## ഗുണമേന്മ ഇനി പ്രധാന ലക്ഷ്യം

വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയാണ് ഇനിയുള്ള പ്രധാന ശ്രദ്ധ. കുട്ടി അധിഷ്ഠിതമായ മാസ്റ്റർ പ്ലാനാണ് ഈ അധ്യയനവർഷം തയാറാക്കുന്നത്. കേരളത്തിലെ മുഴുവൻ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെയും മുഴുവൻ വിദ്യാർഥികളുടെയും വ്യക്തിയധിഷ്ഠിതമായ വിലയിരുത്തൽ നടത്തിക്കൊണ്ട് ഓരോരുത്തരുടെയും ഗുണമേന്മ ഉയർത്തുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഗുണമേന്മ സംബന്ധിച്ച പ്രശ്നങ്ങൾ മനസ്സിലാക്കാൻ വിവിധ നടപടികളും കൈക്കൊണ്ടുവരുന്നു. കഴിഞ്ഞ അഞ്ചു വർഷത്തെ കേരളത്തിലെ എസ്.എസ്.എൽ.സി പരീക്ഷാഫലം വിശകലനം ചെയ്യുകയാണ് അതിലൊന്ന്. എ പ്ലസ് മുതൽ ഇ വരെയുള്ള ഒമ്പതു ഗ്രേഡുകളും വിശകലനം ചെയ്തുകൊണ്ട് ഏതെല്ലാം പശ്ചാത്തലങ്ങളിൽ നിന്നുള്ള കുട്ടികൾക്കാണ് പഠനത്തിലെ ഗുണമേന്മ സംബന്ധിച്ച പ്രശ്നങ്ങളുള്ളതെന്ന് കണ്ടെത്താൻ സാധിക്കും. സ്കൂളുകളുടെ ഓവറോൾ പ്രകടനം വിലയിരുത്തുക, അധ്യാപകരുടെയും കുട്ടികളുടെയും പ്രകടനം വിശലകനം ചെയ്യുക തുടങ്ങിയ വിവിധ നടപടികളിലൂടെ ഈ പ്രശ്നങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്താൻ സാധിക്കുമെന്നും പൊതുവിദ്യാഭ്യാസ സെക്രട്ടറി അഭിപ്രായപ്പെട്ടു.

## അക്കാദമിക് കലണ്ടർ

ജൂൺ ഒന്നു മുതൽ മാർച്ച് 31 വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ക്രോഡീകരിച്ചുകൊണ്ട് പുറത്തിറക്കിയിരിക്കുന്ന അക്കാദമിക് കലണ്ടർ ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരമാവുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. പുതിയ കലണ്ടർ പ്രകാരം ഓണം വരെയുള്ള ആദ്യ ടേമിൽ അക്കാദമിക് പ്രവർത്തങ്ങൾ മാത്രമായിരിക്കും ഉണ്ടായിരിക്കുക. ക്രിസ്തുമസ്സ് വരെയുള്ള രണ്ടാം ടേമിലായിരിക്കും എല്ലാ മേളകളും നടക്കുക. അതു തന്നെ പാഠ്യപ്രവർത്തനങ്ങളെയും പാഠ്യേതര പ്രവർത്തനങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് പഠനത്തിന്റെ തുടർച്ചയെന്നോണമായിരിക്കും ചിട്ടപ്പെടുത്തുക. ഇതിനനുസരിച്ച് കരിക്കുലം പുനഃക്രമീകരിക്കും. മേളയും പഠനവും രണ്ടു രണ്ടാണെന്ന ധാരണയും ശൈലിയും മാറും. സംസ്ഥാന സ്കൂൾ കലോത്സവം അടക്കമുള്ള എല്ലാ മേളകളും ഇനി ഡിസംബറോടെ സമാപിക്കും. മൂന്നാം ടേമിൽ വീണ്ടും പൂർണമായും പഠനപ്രവർത്തനങ്ങളിൽ മാത്രം ഊന്നൽ നൽകും. മോഡൽ പരീക്ഷ ഇനി കേവലം ചടങ്ങാകില്ല. മോഡൽ പരീക്ഷയിൽ പിന്നാക്കം പോകുന്ന കുട്ടികൾക്ക് മൂന്നാഴ്ചത്തെ പ്രത്യേക പരിശീലനം നൽകാനാണ് തീരുമാനം. ഇത് അവർക്ക് കൂടുതൽ ആത്മവിശ്വാസത്തോടെ പരീക്ഷയെ അഭിമുഖീകരിക്കാൻ ധൈര്യം നൽകും. ഇതും അക്കാദിക് കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളുടെ മടങ്ങി വരവ് കേരളം ആഘോഷപൂർവ മാണ് സ്വീകരിച്ചിരിക്കുന്നത്. രക്ഷിതാക്കളുടെയും വിദ്യാർഥികളുടെയും അധ്യാപകരുടെയും പ്രതികരണങ്ങൾ ആവേശകരമാണ്. നാട്ടുകാർ ഏറ്റെടുത്ത ജനകീയോത്സവങ്ങളായാണ് ഇക്കുറി പ്രവേശനോത്സവങ്ങൾ നടന്നത്. നവ കേരളപ്പിറവിയുടെ വിളംബരമായി അവയെ കണക്കാക്കാം.